**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 907** | **26-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടുവം കൂത്താട്ട് കുന്നിടിയലിന് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഗ്രാമ പഞ്ചായത്തിലെ കൂത്താട്ട് എന്ന സ്ഥലത്ത് കുന്നിടിഞ്ഞ് വീടുകൾക്ക് ഭീഷണിയാവുന്നതും പട്ടിക ജാതി കോളനി ഉൾപ്പെടുന്ന പ്രദേശത്ത് ഉദ്ദേശം 50 മീറ്റർ നീളത്തിൽ ഭൂമിയിൽ വിള്ളൽ രൂപപ്പെട്ടതും കണക്കിലെടുത്ത് ശാസ്ത്രീയ പഠനം നടത്തി ശാശ്വത പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ പട്ടുവം പഞ്ചായത്തിലെ മണ്ണിടിച്ചിൽ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ജില്ലയിലെ സാങ്കേതിക പ്രതിനിധിയായ ഹസാർഡ് അനലിസ്റ്റിന് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 8-7-2021ന് പഠനം നടത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നാഷണൽ സെന്റർ ഫോർ എർത്ത് സ്റ്റഡീസും ഇതുമായി ബന്ധപ്പെട്ട് പ്രത്യേകം പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് ദുരന്ത നിവാരണ കമ്മീഷണർ പരിശോധിച്ച് വരികയാണ്. ഈ രണ്ട് പഠന റിപ്പോർട്ടുകളും സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് സർക്കാരിന് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രശ്ന പരിഹാരത്തിനായിട്ടുള്ള നടപടി സ്വീകരിക്കുന്നതാണ്. ശക്തമായ മഴയുണ്ടാകാനിടയുള്ള സാഹചര്യത്തിൽ ഓറഞ്ച് ബുക്കിൽ (Orange Book) പ്രതിപാദിച്ചിട്ടുള്ള നടപടികൾ ഈ പ്രദേശത്തുള്ള കുടുംബങ്ങളുടെ കാര്യത്തിൽ സ്വീകരിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ